പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:867 02.12.15 ൽ മറുപടിക്ക്

## പുഴകളെ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.എം.ഉമ്മർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുന്നതിന് സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) (ബി) & (സി) കേരളത്തിലെ പുഴകളുടെ നീരൊഴുക്ക് നിലനിർത്തി സംരക്ഷിക്കുന്നതിനുവേണ്ടി തടയണകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ചെക്ക് ഡാം/റെഗുലേറ്ററുകൾ തുടങ്ങിയവ ആവശ്യാനുസരണം നിർമ്മിക്കാറുണ്ട്. പുഴകളുടെ കരയിടിയുന്നത് തടയുന്നതിലേയ്ക്കായി പാർശ്വഭിത്തികൾ നിർമ്മിക്കാറുണ്ട്. പുഴകൾ മലിനമാകുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. നദീതടസംരക്ഷണത്തിനായി വിപുലമായ അധികാരങ്ങളുള്ള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി പരിഗണിച്ച് വരുകയാണ്. ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കി വച്ചിരുന്നു. കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തിരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | |

2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപുഴയ്ക്ക് കുറുകെ പുതിയ സാങ്കേതിക വിദ്യയിൽ മന്നന്നൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development Corporation' നെ ഏൽപ്പിക്കുകയും ചെയ്തു. 2016 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു

കൂടാതെ, ഭാരതപ്പുഴ, ചാലിയാർ ബേസിനുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കു ന്നതിനുള്ള പര്യവേഷണജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു.

ഇതിനു പുറമേ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലി തർപ്പണ കടവ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

ഭാരതപ്പുഴ സമഗ്ര വികസനത്തിനായി CESS, CWRDM, ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു ബെയിസിൻ പ്ലാൻ തയ്യാറാക്കുന്നതിന് 29.04.2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ചു ചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി ഭാരതപ്പുഴക്കു മാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേയ്ക്ക് പ്ലാനിംഗ് ബോർഡിന്റെ മേൽ നോട്ടത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായി.

ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്.

ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ISW നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഒന്നും തന്നെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല

സെക്ഷൻ ഓഫീസർ